# കേരള സർക്കാർ

## സംഗ്രഹം

പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂർ ഗ്രാമ പഞ്ചായത്തിൽ ദിവസവേതന വ്യവസ്ഥയിൽ ജോലിചെയ്യുന്ന ശ്രീമതി.സി.ഡി.പൊന്നമ്മയെ സ്ഥിരപ്പെടുത്തുന്നത് - ബഹു. കേരള ഹൈക്കോടതിയുടെ WP(C)നം.25682/08- ാം നമ്പർ കേസ്സിൻമേലുള്ള വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സഉ(എംഎസ്)നം.83/2016/തസ്വഭവ** **തീയതി,തിരുവനന്തപുരം,08/07/2016**

---

പരാമർശം :
1) 25/11/2005 ലെ സഉ(പി) 501/05/ധന നമ്പർ ഉത്തരവ്.
2) 09/02/2010 ലെ ലെ സഉ(പി) 61/2010/ധന നമ്പർ ഉത്തരവ്.
3) ശ്രീമതി.സി.ഡി.പൊന്നമ്മയുടെ 13/04/2015 ലെ അപേക്ഷ.
4) എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ13/08/2006 ലെ 2/06-ാം നമ്പർ തീരുമാനം
5) പഞ്ചായത്ത് ഡയറക്ടറുടെ 17/02/2016,08/03/2016 എന്നീ തീയതികളിലെ ഇ 9-5932/16 നമ്പർ കത്തുകൾ
6) WP(C)25682/08 -ാം നമ്പർ കേസ്സിൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 20/03/2015 ലെ ഉത്തരവ്.

## ഉത്തരവ്

പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂർ ഗ്രാമ പഞ്ചായത്തിൽ, 29/03/2005 മുതൽ ദിവസവേതന വ്യവസ്ഥയിൽ സ്വീപ്പറായി ജോലിചെയ്തുവരുന്ന ശ്രീമതി.സി.ഡി.പൊന്നമ്മയുടെ നിയമനം ക്രമവൽക്കരിക്കണമെന്ന ആവശ്യവുമായി ബഹു. ഹൈക്കോടതിയിൽ WP(C) 25682/08-ാം നമ്പരായി കേസ് ഫയൽ ചെയ്യുകയും ബഹു.ഹൈക്കോടതിയുടെ 20/03/2015 ലെ വിധിന്യായ പ്രകാരം ശ്രീമതി.സി.ഡി.പൊന്നമ്മയെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം എക്സിബിറ്റ് പി9 വിധിന്യായത്തിന്റെ വെളിച്ചത്തിൽ രണ്ട് മാസത്തിനുള്ളിൽ പുനപരിശോധിക്കണമെന്നും ടിയാനെ സ്ഥിരപ്പെടുത്തുകയാണെങ്കിൽ അർഹമായ ആനുകൂല്യങ്ങൾ മൂന്നു മാസങ്ങൾക്കകം നൽകണമെന്നും നിർദ്ദേശിച്ചിരുന്നു. ബഹു.ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ശ്രീമതി.സി.ഡി.പൊന്നമ്മയെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെടുകയും ആയത് പരാമർശം

(5) പ്രകാരം സമർപ്പിക്കുകയും ചെയ്തു. ടിയാളെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് പരാമർശം 4 പ്രകാരം എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയും തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂർ ഗ്രാമപഞ്ചായത്തിൽ 29/03/2005 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ശ്രീമതി.സി.ഡി.പൊന്നമ്മയെ 8200-13340 രൂപ ശമ്പള സ്കെയിലിൽ(revised) ഉത്തരവു തീയതി മുതൽ പ്രാബല്യത്തിൽ ടി ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു. നിയമന ക്രമീകരണവുമായി ബന്ധപ്പെട്ട അർഹമായ ആനുകൂല്യങ്ങൾ മൂന്നു മാസങ്ങൾക്കകം ടിയാൾക്ക് നൽകേണ്ടതാണ്.

WP(C) 25682/08-ാം നമ്പർ അന്യായത്തിൻമേൽ ബഹു. കേരള ഹൈക്കോടതിയുടെ 20/03/2015 ലെ വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രമേശൻ.എം.കെ**

**ഗവ.ജോയിന്റ് സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട ജില്ല.
സെക്രട്ടറി, എഴുമറ്റൂർ ഗ്രാമ പഞ്ചായത്ത് പത്തനംതിട്ട ജില്ല
ശ്രീമതി സി.ഡി.പൊന്നമ്മ, സ്വീപ്പർ,എഴുമറ്റൂർ ഗ്രാമ പഞ്ചായത്ത്,പത്തനംതിട്ട ജില്ല
(സെക്രട്ടറി, എഴുമറ്റൂർ ഗ്രാമ പഞ്ചായത്ത് മുഖേന)
ധനവകുപ്പ്(യു.ഒ നം.208820/എക്സ്പെ-സി2/40/16/ധന തീയതി 19/04/2016 പ്രകാരം).
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(ഫയൽ. നം. ഇപിഎ 2/195/2015/തസ്വഭവ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ